

ടച്ച് മീ
MY LORD AND MY GOD
TOUCH ME
ആഗസ്റ്റ് 2025

13th Year of Remembrance



# C.P. BABY
(PAVOOS)

March 15, 1938 - August 11, 2012

CHUNGATH HOUSE
KUNNAMKULAM



ESTD : 1747

# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 17 | 2025 ആഗസ്റ്റ് | ലക്കം : 12

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫെറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in



## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ
**ജോണി ബെപ്പോ**
93493 79009

സബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ് CMC**
80869 50771
**എം.കെ. ദേവസ്സി**
94953 28758
**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**എം.എൽ. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ സി. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
പേൾജു ബി. ചുങ്കത്ത് 98470 31110
കെ. ജി. ബാബു 99619 99487
സി.എൻ. ഇമ്മാനുവേൽ 95390 30439


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| മൂന്നുമിനിറ്റിൽ ഒരിക്കൽ | 4 |
| ഇടവക വാർത്തകൾ | 5 |
| ഇടവക ചെറിയ തിരുനാൾ കമ്മിറ്റി | 8 |
| വിശ്വാസപരിശീലനം | 9 |
| സാഹോദര്യം | 10 |
| സഭാവാർത്തകൾ | 11 |
| വിശുദ്ധ എവുപ്രാസ്യമ്മയും... | 13 |
| യൂത്ത് സി.എൽ.സി. ഭാരവാഹികൾ | 15 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| സംഘടനാ വാർത്തകൾ | 17 |
| ഇടവക ആൽബം | 18 |
| ജീസസ് യൂത്ത് ഭാരവാഹികൾ | 20 |
| കെ.സി.വൈ.എം. ഭാരവാഹികൾ | 21 |
| വഴിവിളക്ക് | 22 |
| ബൈബിളിലൂടെ | 23 |
| കെ.എൽ.എം. ഭാരവാഹികൾ | 24 |
| നിപ വൈറസ് പനി | 25 |
| മിഴിവിളക്ക് | 27 |
| ജൂനിയർ സി.എൽ.സി. | 28 |
| നിറംകൊടുക്കാമോ | 29 |
| പാചക കോർണർ | 30 |
| അടിക്കുറിപ്പ് മത്സരം | 31 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

ഭാരത കത്തോലിക്കർക്ക് ലഭിച്ച വലിയ സൗഭാഗ്യമാണ് മാതാവിന്റെ സ്വർഗ്ഗാരോപണവും ഇന്ത്യയുടെ സ്വാതന്ത്ര്യദിനവും ഒരു ദിവസമായി ലഭിച്ചു എന്നത്. സ്വാതന്ത്ര്യം എന്നത് നിരന്തരമായ പ്രത്യാശയിലുള്ള ജീവിതത്തിന്റെ കവാടമാണ്. പ്രതീക്ഷകൾ അറ്റ് നിരാശരായി തീരുന്നവർ അടിമത്തത്തിലാണ് എന്ന് സാരം. ആത്മഹത്യകളിലും മറ്റും ഒന്നാം സ്ഥാനത്ത് എത്തുവാൻ കേരളവും മത്സരിക്കുകയാണ് എന്ന് വാർത്തകൾ ധ്വനിപ്പിക്കുന്നു. സ്വാതന്ത്ര്യമുള്ള മനസ്സിൽ പ്രതീക്ഷയുടെ കെടാവിളക്ക് ജ്വലിച്ചുകൊണ്ടേയിരിക്കും എന്നത് തീർച്ചയാണ്. അതിനൊരു ദേവാലയത്തിന്റെ വിശുദ്ധിയും തീർത്ഥാടനത്തിന്റെ പുണ്യവും ഉണ്ട്. ഫ്രാൻസിസ് മാർപാപ്പ പറയുന്നു, ഈ ഭൂമിയിൽ തീർത്ഥാടനം പൂർത്തിയാക്കിയ പരിശുദ്ധ മറിയം ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ടു. നാമും ഈ ഭൂമിയിൽ ദൈവത്തെ ലക്ഷ്യമാക്കി തീർത്ഥാടനം ചെയ്യുന്നവരാണ്. അതിനാൽ തികഞ്ഞ പ്രതീക്ഷയോടും വിശ്വാസത്തോടും കൂടി ഒരു തീർത്ഥാടനം കണക്കെ ജീവിതം പുണ്യപ്പെടുത്താൻ പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം നമ്മെ പ്രേരിപ്പിക്കുന്നു. ഓരോ വിശ്വാസിക്കും ദൈവം കരുതിവെച്ചിരിക്കുന്നത് സ്വർഗ്ഗ സൗഭാഗ്യമാണ്. സ്വർഗ്ഗത്തിലേക്ക് ദൃഷ്ടികൾ ഊന്നി ജീവിക്കുവാൻ സ്വർഗ്ഗാരോപണം നമ്മെ പഠിപ്പിക്കുന്നു. ദൈവത്തോട് ചേർന്നിരിക്കുമ്പോൾ ഒന്നും നഷ്ടമാകുന്നില്ല എന്നാണ് ഈ തിരുനാൾ നമ്മെ ഓർപ്പിക്കുന്നത്. ആത്മശരീരങ്ങളോടെ അവൾ സ്വർഗ്ഗത്തിലേക്ക് ഉയർന്നു. മരണം നേട്ടമാണ് എന്ന് വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നതുപോലെ.

സ്നേഹമുള്ളവരെ, ഭിന്നതയുടേയും ഭയപ്പാടിന്റേയും വേർപിരിയലുകൾക്കിടയിലും ഇന്നും കാനായും സെഹിയോൻ ഊട്ടുശാലയും ആവർത്തിക്കപ്പെടണമെങ്കിൽ മറിയത്തെപ്പോലെ യഥാർത്ഥ സ്വാതന്ത്ര്യത്തിൽ നാമും ജീവിക്കേണ്ടിയിരിക്കുന്നു. അപരനിലേക്ക് ഇറങ്ങിച്ചെല്ലുവാനുള്ള മനസ്സ് ദൈവഹിതത്തിന് ആവേശത്തോടെ ആമേൻ പറയുന്ന സ്വാതന്ത്ര്യത്തിന്റെ വിശാല മാനമാണ്. ഇന്നും മലമുകളിലുള്ള ചാർച്ചക്കാരിക്ക് സഹായഹസ്തം നീട്ടപ്പെടണം. കാൽവരിയിൽ കുരിശിൽ പിടയുന്നവന്റെ ചാരെ മാതൃഹൃദയത്തിന്റെ തുടിപ്പുകൾ ഉയരണം. അതിന് അഹത്തെയും സ്വാർത്ഥതയെയും അതിജീവിച്ച് ദൈവത്തോട് സദാ ആമ്മേൻ പറയുന്നതിലൂടെ, പരിപൂർണ്ണ സ്വാതന്ത്ര്യത്തിലേക്ക് വളർന്ന് മറിയമായി നാമും രൂപാന്തരപ്പെടേണ്ടതുണ്ട്. നമ്മുടെ എല്ലാ സ്വാതന്ത്ര്യവും തെരഞ്ഞെടുപ്പുകളിൽ പ്രകടമാകുന്നതാണ്. പരിധിയില്ലാതെ പരിമിതി ഇല്ലാതെ ആവോളം നന്മചെയ്യാൻ സാധിക്കുന്നതല്ലേ യഥാർത്ഥ സ്വാതന്ത്ര്യം. സഭയിലും, രാജ്യത്തിലും, ലോകത്തും വിഭാഗീയതക്കപ്പുറം ഐക്യവും സാഹോദര്യവും മൂല്യധിഷ്ഠിത ജീവിതവും പരിപോഷിപ്പിക്കപ്പെടുമ്പോഴല്ലേ നാം യഥാർത്ഥത്തിൽ സ്വതന്ത്രരായി മാറുന്നത്? ഏവർക്കും സ്വാതന്ത്ര്യ ദിനത്തിന്റേയും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റേയും ആശംസകൾ...

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

## അനുകമ്പ കാണിക്കുന്ന ഈശോ

ഈശോ, സുവിശേഷങ്ങളിൽ ഏറ്റവും കൂടുതൽ അറിയപ്പെടുന്നത് അനുകമ്പയുടെ മനുഷ്യനായിട്ടാണ്. സുവിശേഷങ്ങൾ നിറയെ അതിന്റെ ഉദാഹരണങ്ങളുണ്ട്. വിശന്നു വലഞ്ഞ ജനത്തിന് അപ്പം വർദ്ധിപ്പിച്ചു തീറ്റി തൃപ്തിപ്പെടുത്തിയതും (മർക്കോ 6:32-44, 8:1-10), നായിമിലെ വിധവയുടെ ഏക മകനെ ഉയിർപ്പിച്ചതും (ലൂക്ക 7:11-17), നിരവധി രോഗികളെ സുഖപ്പെടുത്തിയതും (മത്ത 8:5-13; യോഹ 4:46-54), അന്ധർക്കു കാഴ്ച കൊടുത്തതും (മർക്കോ 8:22-26; യോഹ 9:1-7; മത്താ 20:29-34), കുഷ്ഠരോഗികളെ ശുദ്ധരാക്കിയതും (ലൂക്കാ 17:11-19) എല്ലാം അവിടുത്തെ അനുകമ്പയുടെ ബഹിർസ്ഫുരണങ്ങളായിരുന്നു. ഈശോയുടെ മാതൃക അനുകരിച്ച് ക്രൈസ്തവർ രോഗികളെ ശുശ്രൂഷിക്കുന്നതിൽ ഒരിക്കലും പിന്നിലായിരുന്നില്ല. ഈശോയുടെ അനുകമ്പയുടെ മുഖമായിരിക്കാൻ നമുക്ക് ഓരോരുത്തർക്കും പരിശ്രമിക്കാം, അങ്ങനെ ആത്മാവിൽ ജ്വലിച്ച് തമ്പുരാന്റെ കാലടികളെ പിന്തുടരാം.

**ആത്മാവിൽ ജ്വലിക്കുവാൻ**

4. "യേശു ഏക രക്ഷകൻ" എന്ന സന്ദേശം വാക്കിലും പ്രവൃത്തിയിലും പ്രചരിപ്പിക്കണം.
5. സുവിശേഷ വേല ചെയ്യുക.
6. കുടുംബ പ്രാർത്ഥന, ജപമാല, കൂട്ടായ്മയിലുള്ള പ്രാർത്ഥന ഇവ മുടക്കാതിരിക്കുക.
7. മനസ്സിൽ വിദ്വേഷം ഒരിക്കലും വച്ചു പുലർത്തരുത്. നമ്മെ ഉപദ്രവിച്ചവർക്കു വേണ്ടിയും നാം ഉപദ്രവിച്ചവർക്കുവേണ്ടിയും എപ്പോഴും ക്ഷമിച്ചും സ്നേഹിച്ചും പ്രാർത്ഥിക്കുക.

*ആത്മാവിൽ ജ്വലിക്കുന്നവരാകാൻ ദൈവം അനുഗ്രഹിക്കട്ടെ...*

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം



# മൂന്നുമിനിറ്റിൽ ഒരിക്കൽ

ഡീ. ആൻസൺ പന്നകത്തിൽ CST

ഈയൊരു തലക്കെട്ടിന് അർത്ഥം എത്ര ചിന്തിച്ചിട്ടും അങ്ങട് പിടുത്തം കിട്ടുന്നുണ്ടാവില്ല അല്ലേ. സാരമില്ല, വളരെ എളുപ്പത്തിൽ ഞാൻ പറഞ്ഞുതരാം കേട്ടോ...

അഖിലലോക മിഷൻ മധ്യസ്ഥയും വേദപാരംഗതയുമൊക്കെ ആയിത്തീർന്ന വിശുദ്ധ കൊച്ചുത്രേസ്യ ദൈവാനുഭവം സ്വന്തമാക്കാനും ദൈവസ്നേഹത്തിൽ ആഴപ്പെടുവാനുമായി കണ്ടുപിടിച്ച കുറുക്കുവഴികളിൽ ഒന്നാണത്.

അതായത്"എല്ലാ മൂന്നുമിനിറ്റിലും ഒരിക്കലെങ്കിലും എന്റെ ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന് അവൾ ഹൃദയത്തിൽ മന്ത്രിക്കുമായിരുന്നു. ഒറ്റനോട്ടത്തിൽ ഈ ഒരു കൊച്ചു പ്രാർത്ഥനയുടെ ശക്തിയുടെ മാധുര്യവും ഒരുപക്ഷേ നമുക്ക് മനസ്സിലായി എന്നുവരില്ല. എന്നാൽ ഒരിക്കൽ ഈ പ്രാർത്ഥന നമ്മുടെ ജീവിത യാത്രയോട് ചേർന്നുകഴിഞ്ഞാൽ പിന്നെ ഈശോ കൈപിടിച്ച് നടത്തുന്ന ചില പ്രകടമായ അനുഭവങ്ങൾ വളരെ സാധാരണമായി തോന്നും.

വിശുദ്ധ ചെറുപുഷ്പത്തിന് നിരന്തമായ ദൈവസാന്നിദ്ധ്യ സ്മരണയിൽ ആയിരിക്കാൻ ഈ വാക്കുകൾ വളരെ സഹായകരമായിരുന്നു. പുണ്യവതി സമ്മാനിച്ച ഈ ഒരു പ്രാർത്ഥനയെ പുൽകുന്നവരുടെ ജീവിത സാഹചര്യങ്ങളും മനസ്സും മുഖവും സദാ പ്രസന്നമായിരിക്കും എന്നത് നിസംശയമാണ്. കാരണം യാതൊരുവിധ ഏച്ചുകെട്ടലുകളും ആലങ്കാരികതകളും ഇല്ലാത്ത വാക്കുകളാണിവ. മാത്രമല്ല, എന്താണ് പ്രാർത്ഥന, അല്ലെങ്കിൽ എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്, എങ്ങനെയാണ് ഒരു നല്ല ദൈവാനുഭവം സ്വന്തമാക്കാൻ കഴിയുന്നത് എന്നൊക്കെ ചോദിക്കുന്നവർക്ക് നൽകാൻ പറ്റുന്ന ഏറ്റവും നല്ല ഒറ്റമൂലിയാണ് ഈ പ്രാർത്ഥന എന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്.

അപ്പോ എങ്ങനെ..... നാം, ഇന്നുതന്നെ തുടങ്ങുവല്ലേ... മൂന്നു മിനിറ്റില് ഒരിക്കലെങ്കിലും " എന്റെ ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന് മനസ്സിൽ മന്ത്രിക്കാം...



GOLDEN JUBILEE YEAR

CELEBRATION

50 YEARS

ANNIVERSARY

31-08-2025





*M.L. Thomachan*

*Celina Thomachan*

Madathiparambil House
Kaniyambal Road, Kunnamkulam

ആശംസകളോടെ...
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ


Happy Anniversary
25
25 YEARS
27-08-2025
SILVER JUBILEE
K.G. Babu
Magi Babu
Kuttikkatt House
Chiralayam
Kunnamkulam


25TH
ANNIVERSARY
03-09-2025
Silver Jubilee
Happy Birthday
23-08-2025
Happy Birthday
15-05-2025
Jaimy & Jilsy
Vellattukara House
Near Fire Station
Kunnamkulam
SANVI JAIMY
SANVIN JAIMY
Happy Birthday

# ഇടവക വാർത്തകൾ

## ആഗസ്റ്റ് 3 ഞായർ : ഇഗ്നേഷ്യൻ ഡേ & കുടുംബസംഗമം

| | |
|---|---|
| 10.30 am | : കുടുംബകൂട്ടായ്മ കേന്ദ്രസമിതി രൂപീകരണം |
| 06.00 pm | : ഇഗ്നേഷ്യൻ ഡേ & യൂത്ത് സി.എൽ.സി. കുടുംബസംഗമം (നേതൃത്വം : യൂത്ത് സി.എൽ.സി.) |

## ആഗസ്റ്റ് 4 തിങ്കൾ : വിയാനി തിരുനാൾ

| | |
|---|---|
| 06.30 am | : തിരുനാൾ കുർബാന, പുഷ്പാർച്ചന, ലദീഞ്ഞ്, നൊവേന & നേർച്ച വിതരണം (നേതൃത്വം : അൾത്താര സംഘം) |

## ആഗസ്റ്റ് 5 ചൊവ്വ : കപ്പേളയിൽ ലദീഞ്ഞ് & നൊവേന

| | |
|---|---|
| 06.30 pm | : സെന്റ് ആന്റണീസ് കപ്പേളയിൽ ലദീഞ്ഞ് & നൊവേന |

## ആഗസ്റ്റ് 8 വെള്ളി : ഒന്നാം വെള്ളിയാചരണം

| | |
|---|---|
| 06.00 am | : ആരാധന, കുമ്പസാരം, കരുണകൊന്ത |
| 06.30 am | : വി.കുർബാന, ലദീഞ്ഞ്, നൊവേന & നേർച്ച വിതരണം |

## ആഗസ്റ്റ് 9 ശനി : അൾത്താര സംഘ ദിനം & പതാക വന്ദനം

| | |
|---|---|
| 06.15 pm | : അൾത്താരസംഘ പതാക വന്ദനം |
| 06.30 pm | : അൾത്താര സംഘദിന വാർഷിക പൊതുയോഗം & കുടുംബ സംഗമം, സ്നേഹവിരുന്ന്, കലാവിരുന്ന് & സമ്മാനവിതരണം. |

## ആഗസ്റ്റ് 10 ഞായർ : മരിയൻ എക്സ്പോ 2K25 & ജീവൻ സംരക്ഷണദിനം

| | |
|---|---|
| 07.30 am | : മരിയൻ എക്സ്പോ 2K25 ഉദ്ഘാടനം |
| 09.30 am | : ജീവൻ സംരക്ഷണദിനം (നേതൃത്വം : സ്റ്റുഡന്റ്സ് കൗൺസിൽ & ജൂനിയർ സി.എൽ.സി.) |
| 10.30 am | : സംഘടന ഏകോപനസമിതി രൂപീകരണം |
| 11.30 am | : അലിവ് 2K25 (നേതൃത്വം : യൂത്ത് സി.എൽ.സി.) |

## ആഗസ്റ്റ് 13 ബുധൻ : വി. ജോൺ ബെർകുമെൻസിന്റെ തിരുനാൾ

| | |
|---|---|
| 06.30 am | : തിരുനാൾ കുർബാന, പുഷ്പാർച്ചന, ലദീഞ്ഞ്, നൊവേന ആദരണീയം & നേർച്ച വിതരണം & തിരുനാൾ കാരുണ്യ സമർപ്പണം (നേതൃത്വം : അൾത്താരസംഘം) |

**ആഗസ്റ്റ് 15 വെള്ളി : രണ്ടാം വെള്ളിയാചരണം, സ്വർഗാരോപണ തിരുനാൾ യൂത്ത് സി.എൽ.സി. ദിനം & മെറിറ്റ് ഡേ & ഗ്രാജുവേഷൻ സെറിമണി**

6.00 am : സി.എൽ.സി. പതാകവന്ദനം, വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ്, നൊവേന, സ്വർഗാരോപിത മാതാവിന്റെ ലദ്ദീഞ്ഞ്, നൊവേന.

6.30 am : കാഴ്ചസമർപ്പണം, തിരുനാൾ കുർബാന, സന്ദേശം, നേർച്ചവിതരണം, സ്വാതന്ത്ര്യദിന ടാബ്ലോ പ്രസന്റേഷൻ & ദേശീയ പതാക വന്ദനം, ഗ്രാജുവേഷൻ കേക്ക് കട്ടിംഗ്. (നേതൃത്വം : യൂത്ത് സി.എൽ.സി.)

5.30 pm : കുട്ടികൂട്ടായ്മ കലാവിരുന്ന് (നേതൃത്വം : വിശ്വാസ പരിശീലന കുട്ടികൂട്ടായ്മ)

7.00 pm : യൂത്ത് സി.എൽ.സി. ദിന വാർഷിക പൊതുയോഗം, മെറിറ്റ് ഡേ & വിശ്വാസ പരീശിലന ഗ്രാജുവേഷൻ സെറിമണി "പാട്ട് ഫാമിലി" സംഗീത രാവ് (നേതൃത്വം : യൂത്ത് സി.എൽ.സി.)

**ആഗസ്റ്റ് 17 ഞായർ : ഇടവക പൊതുയോഗം**

10.30 am : ഇടവക പൊതുയോഗം (വാർഷിക തെരട്ട് പാസ്സാക്കൽ, കൈക്കാരന്മാരുടെ പാനൽ രൂപീകരണം & ഇടവക സംയുക്ത തിരുനാൾ ജനറൽ കൺവീനർ, ജോ. ജനറൽ കൺവീനർ തെരഞ്ഞെടുപ്പ്)

**ആഗസ്റ്റ് 22 വെള്ളി : മൂന്നാം വെള്ളിയാചരണം**

06.00 am : ആരാധന, കുമ്പസാരം, കരുണകൊന്ത

06.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ച വിതരണം

**ആഗസ്റ്റ് 24 ഞായർ : കാരംസ് ടൂർണമെന്റ് 2K25**

07.30 am : നിലവിലുള്ള പ്രതിനിധി യോഗങ്ങളുടെ സമാപന പ്രതിനിധിയോഗം

03.00 pm : കത്തോലിക്കാ കോൺഗ്രസ്സ് ദിനത്തിന് ഒരുക്കമായി കുടുംബ കൂട്ടായ്മകൾക്കായി ഒരുക്കുന്ന കാരംസ് ടൂർണമെന്റ് (നേതൃത്വം : കത്തോലിക്കാ കോൺഗ്രസ്സ്)

**ആഗസ്റ്റ് 29 വെള്ളി : നാലാം വെള്ളിയാചരണം, വി. എവുപ്രാസ്യമ്മ തിരുനാൾ & സമർപ്പിത സംഗമം**

06.00 am : വി. സെബസ്ത്യാനോസിന്റെ ലദ്ദീഞ്ഞ്, നൊവേന, വി. എവുപ്രാസ്യമ്മയുടെ ലദ്ദീഞ്ഞ് & നൊവേന

06.30 am : തിരുനാൾ കുർബാന, തിരുനാൾ സന്ദേശം, തിരുശേഷിപ്പ് വണക്കം & നേർച്ചകഞ്ഞി വിതരണം (നേതൃത്വം : പ്രാർത്ഥനാ ഗ്രൂപ്പ് & യൂത്ത് സി.എൽ.സി.)

06.00 pm : സമർപ്പിത സംഗമം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)
06.30 pm : തിരുനാൾ കുർബാന, തിരുനാൾ സന്ദേശം, ലദീഞ്ഞ് & നൊവേന തിരുശേഷിപ്പ് വണക്കം & നേർച്ചകഞ്ഞി വിതരണം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ് & യൂത്ത് സി.എൽ.സി.)

(NB : വി. ഏവുപ്രാസ്യമ്മയുടെ തിരുനാളിന് ഒരുക്കമായി യൂത്ത് സി.എൽ.സി. സംഘടനയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 28 വ്യാഴാഴ്ച വൈകീട്ട് 6 മുതൽ 9 വരെ കുടുംബകൂട്ടായ്മതലത്തിൽ വി. എവുപ്രാസ്യമ്മയുടെ തിരുശേഷിപ്പ് പ്രയാണവും ലദ്ദീഞ്ഞും നൊവേനയും ഉണ്ടായിരിക്കുന്നതാണ്)

**ആഗസ്റ്റ് മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| ആഗസ്റ്റ് 03 ഞായർ | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |
| ആഗസ്റ്റ് 10 ഞായർ | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |
| ആഗസ്റ്റ് 17 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ആഗസ്റ്റ് 24 ഞായർ | മേരിമാതാ കുടുംബകൂട്ടായ്മ |
| ആഗസ്റ്റ് 31 ഞായർ | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 03-08-2025 | 3.00 pm | സെന്റ് ജോസഫ് | **ചുങ്കത്ത് ബേബി പേൾജു**<br>നെഹ്റു നഗർ, 11th അവന്യു, |
| 03-08-2025 | 4.00 pm | മേരിമാതാ | **ചുങ്കത്ത് ബേബി രാജു**<br>പെൻകോ മാർബിൾസിന് സമീപം, മെയിൻ റോഡ്, കാണിപ്പയ്യൂർ |
| 10-08-2025 | 3.00 pm | സെന്റ് ആന്റണീസ് | **കുരിയപ്പശ്ശേരി ജോൺസൺ ജോഹാൻ**<br>കക്കാട് അമ്പലം റോഡ് |
| 10-08-2025 | 6.00 pm | സെന്റ് തോമസ് | **വാർഷികം**<br>(സെഹിയോൻശാല - പള്ളി പാരിഷ് ഹാൾ) |
| 17-08-2025 | 3.00 pm | സെന്റ് ജോർജ്ജ് | **പുല്ലേലി ജോസ് ജോയ്**<br>(അടുപ്പുട്ടി - ഉരുളിക്കുന്ന്) |
| 17-08-2025 | 4.00 pm | സെന്റ് സേവ്യർ | **മഠത്തിപ്പറമ്പിൽ ലോനപ്പൻ മാണി**<br>(ശാന്തി നഗർ) |

## സെന്റ് സെബാസ്റ്റ്യൻ ചർച്ച് - കുന്നംകുളം

# ഇടവക ചെറിയ തിരുനാൾ

**ചിറളയം സെന്റ് മേരീസ് കപ്പേള - പരി. മാതാവിന്റെ ജനന തിരുനാൾ (സെപ്തം. 8)**

**തിരുനാൾ കമ്മിറ്റി – 2025**

*ചെയർമാൻ*



**റവ. ഫാ. ഡെയ്സൻ മുണ്ടോപുറം**
(ഇടവക വികാരി)

*വൈസ് ചെയർമാൻ*




**ഡീ. ആൻസൺ പന്നകത്തിൽ CST**

*വൈസ് ചെയർമാൻമാർ*



**സിസ്റ്റർ ബെൻസി CMC**
(സിസ്റ്റർ സുപ്പീരിയർ)



**കെ.ജി. ബാബു**
(കൈക്കാരൻ)




**പേൾജു ബി. ചുങ്കത്ത്**
(കൈക്കാരൻ)



**സി.എൻ. ഇമ്മാനുവേൽ**
(കൈക്കാരൻ)

ജന. കൺവീനർ




**വി.ജെ. സുനിൽ**

ജോ. ജന. കൺവീനർ



**അനി ലിയോൺ**


*സബ് കമ്മിറ്റി കൺവീനർമാർ*



**എം.എൽ. മാണി**
(ഫിനാൻസ്)



**എൻ.ജെ. ജെയ്മോൻ**
(ലിറ്റർജി)



**വർഗ്ഗീസ് ആന്റണി**
(വർണ്ണമഴ)



**സി.ഒ. ആന്റണി**
(ഫുഡ്)




**എം.എൽ. തോമാച്ചൻ**
(പ്രസഷൻ)


26TH YEARS OF TOGETHERNESS
29-08-2025
Jinson &
Jinny Jinson
Porathoor Pallikunnath House
Aiswarya Road, Kaniampal, Kunnamkulam
Best Wishes : Dr. Anagha Jinson & Anitta Jinson


1 Year
Anniversary
11/08/2025
Clinto Raj
Anagha Jaison
Best compliments from
Friends and Relatives


സ്മരണാഞ്ജലി
ജനനം
15 – 10 – 1933
മരണം
22 – 08 – 2002
വടക്കൂട്ട്
ചാക്കുണ്ണി ഭാര്യ
ഏല്യ
കിഴക്കേ അങ്ങാടി
കുന്നംകുളം
സ്മരണകളോടെ :
മക്കൾ, മരുമക്കൾ, പേരക്കിടാങ്ങൾ






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമല്ലേ? ക്ലാസ്സുകളെല്ലാം നന്നായി നടക്കുന്നുണ്ടെന്ന് കരുതുന്നു. ഈ മാസം നമുക്ക് മിഡ്-ടേം പരീക്ഷയാണ്. അതിൽ നല്ല മാർക്ക് വാങ്ങാൻ പരിശ്രമിക്കണം.

പഠനത്തോടൊപ്പം സ്വഭാവ രൂപീകരണത്തിലും ശ്രദ്ധിക്കേണ്ടതുണ്ട്. ക്രൈസ്തവരായ നമ്മൾ ക്രൈസ്തവ മൂല്യങ്ങളിൽ അധിഷ്ഠിതമായിരിക്കണം. ഏതു സാഹചര്യത്തിലും യഥാർത്ഥ ക്രൈസ്തവരായി ജീവിക്കാൻ നമുക്ക് സാധിക്കണം. അതായിരിക്കണം നമ്മുടെ ഐഡന്റിറ്റി. ക്രൈസ്തവ സ്നേഹത്തിലും വിശുദ്ധിയിലും വളരേണ്ടത് നമ്മുടെ കടമയാണ്.

ഏവർക്കും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റേയും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റേയും ആശംസകൾ നേർന്നുകൊണ്ട്

സ്നേഹത്തോടെ
ലില്ലി ടീച്ചർ

## അറിയിപ്പ്

**മാമ്മോദീസ, മനസമ്മതം, വിവാഹം.... Etc....**
എന്നിവ നടത്തിയതിന്റെ സർട്ടിഫിക്കറ്റുകൾ,
നടത്തിയ ദിവസമോ, അല്ലെങ്കിൽ അതിന്റെ ഏറ്റവും അടുത്ത ദിവസമോ
വികാരിയച്ചന്റെ കയ്യിൽ ഏൽപ്പിക്കേണ്ടതാണ്.



# സാഹോദര്യം

**Jhav Cap**

ആരാണ് ശരിക്കും നമ്മുടെ സഹോദരൻ? നമ്മുടെ അമ്മയുടെ വയറ്റിൽ പിറന്നവൻ മാത്രമാണോ?

ഈ ഒരു വിഷയത്തെപറ്റി പറയുമ്പോൾ ഇത്തരം ചില ചിന്തകൾ മനസ്സിലേക്ക് കടന്നുവരും. അതുപോലെതന്നെ ഒരു പ്രസക്തമായ ചോദ്യവും. ചോദ്യം മറ്റൊന്നുമല്ല... അത് പഴയ നിയമത്തിൽ ദൈവം കായേലിനോട് ചോദിച്ച ചോദ്യംതന്നെ.

"നിന്റെ സഹോദരൻ എവിടെ? ഈ ചോദ്യം ഇന്നും ഒരു മാറ്റവും ഇല്ലാതെ നമ്മളോട് ചോദിക്കപ്പെടുന്നു.

ഒരിക്കൽ പ്രസംഗിച്ചുകൊണ്ടിരുന്ന ഈശോയോട് ഒരു മനുഷ്യൻ വന്നു പറഞ്ഞു. അതാ നിന്റെ അമ്മയും സഹോദരരും വന്നു നിൽക്കുന്നു. കേട്ടപാതി ഈശോ ഒരു ചോദ്യം; ആരാണ് എന്റെ അമ്മയും സഹോദരരും? ഒരു പിടുത്തവും കിട്ടാതെ നിന്ന അവരോട് ഈശോ പറഞ്ഞു. എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാരോ അവരാണ് എന്റെ അമ്മയും സഹോദരരും.

അപ്പോഴും അവർക്ക് ഒരു പിടുത്തവും കിട്ടിയില്ല. ഇത് എന്തൂട്ടാ പറയണെ. അതിനാണ് ലോകം രണ്ടാം ക്രിസ്തു എന്നു വിളിച്ച ആ ചെറിയ മനുഷ്യൻ അതിന്റെ ഉത്തരവും അർത്ഥവും പറഞ്ഞു തന്നത്. വി. ഫ്രാൻസീസ് പറഞ്ഞത് ഇപ്രകാരമാണ്. "ദൈവം എനിക്ക് (ഇന്ന്) കുറേയെറെ സഹോദരന്മാരെ തന്നു. അത് രക്തബന്ധമല്ല, മറിച്ച് ആത്മീയ ബന്ധത്താലാണ്.

അതെ Face of the faceless എന്ന സിനിമയിൽ വി. റാണി മരിയ പറയുന്നതുപോലെ ഒന്നോർത്താൽ ഇവരെല്ലാം നമ്മുടെ സഹോദരരല്ലേ?.

സാഹോദര്യം, അത് ഒരു തേനീച്ചകൂട്ടിലെ തേൻ പോലെയാണ്. പലതരം നിറത്തിലുള്ളതും മധുരമുള്ളതും, കയ്പുള്ളതുമായ നീരുകൾ ശേഖരിച്ച് ഒടുവിൽ മധുരമുള്ള തേൻ ആയി മാറുന്നതുപോലെയാണ്. മാറാം, മാറ്റിതീർക്കാം ജീവിതം തേൻതുള്ളികൾ പോലെ.



# സഭാ വാർത്തകൾ

**സിറിയയിൽ ഇടവക ദൈവാലയവും 38 ക്രൈസ്തവഭവനങ്ങളും അഗ്നിക്കിരയാക്കി**

ഡമാസ്ക്കസ്: തെക്കൻ സിറിയയിലെ ചെറു ഗ്രാമമായ അസ്-സവ്ര അൽ-കബീറയിലെ ദൈവാലയവും 38 ക്രൈസ്തവ ഭവനങ്ങളുംഅഗ്നിക്കിരയാക്കിയതായി ഒന്നിലധികം മാധ്യമ റിപ്പോർട്ടുകൾ ഉദ്ധരിച്ച് കാത്തലിക്ക് കൾച്ചർ റിപ്പോർട്ട് ചെയ്തു. മെൽക്കൈറ്റ് കത്തോലിക്കാ ഇടവകയായ സെന്റ് മൈക്കിൾ ദൈവാലയമാണ് അക്രമികൾ അഗ്നിക്കിരയാക്കിയതെന്ന്  എയ്ഡ് ടു ദി ചർച്ച് ഇൻ നീഡ് റിപ്പോർട്ട് ചെയ്തു. ഭവനരഹിതരായ ക്രിസ്ത്യാനികൾ അടുത്തുള്ള ചെറു നഗരമായ ഷഹ്ബയിൽ അഭയം തേടിയിരിക്കുകയാണ്. അവിടെ 'അപകടകരമായ സാഹചര്യങ്ങളിൽ' ഒരു ദൈവാലയ ഹാളിലാണ് താമസിക്കുന്നത്. അക്രമികൾ തങ്ങളുടെ ജീവിതത്തിനാണ് തീയിട്ടതെന്ന് ഇടവക വികാരി ഫാ. ബട്രസ് അൽ-ജട്ട് പറഞ്ഞു. 'ഈ ദൈവാലയം കല്ലുകൾ കൊണ്ടല്ല നിർമ്മിച്ചിരിക്കുന്നത്. വിശ്വാസത്താലാണ് ഇത് നിർമിച്ചിരിക്കുന്നത്. ഇപ്പോഴും ഞങ്ങളുടെ ഹൃദയങ്ങളിൽ ജീവിക്കുന്ന വിശ്വാസം. ഞങ്ങൾ അത് പുനർനിർമിക്കും,' ഫാ. ബട്രസ് കൂട്ടിച്ചേർത്തു.

**യുഎസിൽ നിന്നുള്ള എക്യുമെനിക്കൽ തീർത്ഥാടക സംഘത്തെ റോമിൽ സ്വീകരിച്ച് ലിയോ 14 ാമൻ പാപ്പ**

റോം: തന്റെ ജന്മനാടായ അമേരിക്കയിൽ നിന്ന് റോമിലേക്ക് നടത്തിയ കത്തോലിക്ക-ഓർത്തഡോക്സ് തീർത്ഥാടനത്തിൽ പങ്കെടുത്തവരെ ലിയോ 14 ാമൻ മാർപാപ്പ സ്വീകരിച്ചു. ഗ്രീക്ക് ഓർത്തഡോക്സ് ആർച്ചുബിഷപ് എൽപിഡോഫോറോസും ന്യൂവാർക്കിലെ ആർച്ചുബിഷപ് കർദിനാൾ ജോസഫ് ടോബിനും നേതൃത്വം നൽകിയ 50 അംഗ സംഘത്തിൽ അമേരിക്കയിൽ നിന്നുള്ള ഗ്രീക്ക് ഓർത്തഡോക്സ്, ബൈസന്റൈൻ കത്തോലിക്കാ, ലാറ്റിൻ കത്തോലിക്കാ തീർത്ഥാടകർ ഉൾപ്പെടുന്നു. വിവിധ സഭകൾ തമ്മിലുള്ള ഐക്യത്തിലേക്കുള്ള പാതയെക്കുറിച്ച് സംസാരിച്ച പാപ്പ സമീപകാല ദശകങ്ങളിൽ ഈ മേഖലയിൽ കൈവരിച്ച ദൈവശാസ്ത്രപരമായ പുരോഗതിയും സംഭാഷണങ്ങളും  ചൂണ്ടിക്കാണിച്ചു. ക്രിസ്തുവിലുള്ള വിശ്വാസികൾക്കിടയിലെ ഐക്യം ദൈവം നൽകുന്ന ആശ്വാസത്തിന്റെ അടയാളങ്ങളിലൊന്നാണെന്ന് പാപ്പ പറഞ്ഞു. 'ജറുസലേമിൽ വച്ച് ഞാൻ നിനക്ക് സാന്ത്വനം നൽകും' എന്ന് തിരുവെഴുത്ത് വാഗ്ദാനം ചെയ്യുന്നു.

**മതപരിവർത്തനനിരോധനനിയമഭേദഗതി; സുപ്രീംകോടതി യുപി സർക്കാരിന്റെ വിശദീകരണം തേടി**

ന്യൂഡൽഹി: ഉത്തർപ്രദേശിൽ 2024-ൽ കൊണ്ടുവന്ന മതപരിവർത്തനനിരോധനനിയമ ഭേദഗതിയിൽ സുപ്രീം കോടതി യുപി സർക്കാരിന്റെ വിശദീകരണം തേടി. ഈ നിയമത്തിലെ ചില വ്യവസ്ഥകൾ അവ്യക്തവും ഭരണഘടനാ വിരുദ്ധവുമാണെന്ന് ചൂണ്ടിക്കാട്ടി രൂപ് രേഖ വർമ്മയും മറ്റുള്ളവരും സമർപ്പിച്ച ഹർജിയിലാണ് സുപ്രീം കോടതി വിശദീകരണം ആവശ്യപ്പെട്ടിരിക്കുന്നത്. ഇന്ത്യയിലെ 12 സംസ്ഥാനങ്ങളിൽ നിർബന്ധിത മതപരിവർത്തനനിരോധനനിയമം നിലവിലുണ്ട്. ബലപ്രയോഗത്തിലൂടെ മതപരിവർത്തനം നടത്തുന്നത് തടയുന്നതിന് കർശനമായ നിയമം രാജ്യത്ത് നിലവിൽ ഉള്ളപ്പോഴാണ് ചില സംസ്ഥാനങ്ങൾ ദുരുപയോഗിക്കപ്പെടാൻ കഴിയുന്ന വിധത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി നിർബന്ധിത മതപരിവർത്തനനിരോധനനിയമം കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമപ്രകാരം എടുത്ത കള്ളക്കേസുകളിൽ കുടുങ്ങി നിരവധി മിഷനറിമാരും ക്രൈസ്തവ വിശ്വാസികളും ആഴ്ചകളോളം ജാമ്യം കിട്ടാതെ ജയിലിൽ അടയ്ക്കപ്പെട്ടിട്ടുണ്ട്. മതപരിവർത്തനനിരോധനനിയമം നടപ്പിലാക്കിയ മറ്റു സംസ്ഥാനങ്ങളുടെ നടപടികളെ ചോദ്യം ചെയ്ത് സുപ്രീംകോടതിയിൽ സമർപ്പിക്കപ്പെട്ട ഹർജികളും ഇനി കേസിനോടൊപ്പമായിരിക്കും പരിഗണിക്കുന്നത്.

**വിശുദ്ധ ഗ്രന്ഥത്തെ അവഹേളിച്ചാൽ പഞ്ചാബിൽ ഇനി ജയിൽ ശിക്ഷ**

ചണ്ഡീഗഢ് : വിശുദ്ധ ഗ്രന്ഥത്തെ അവഹേളിച്ചാൽ പഞ്ചാബിൽ ഇനി ജയിലിൽ കിടക്കേണ്ടിവരും. വിശുദ്ധഗ്രന്ഥങ്ങളെ അപകീർത്തിപ്പെടുത്തുന്നത് തടയുന്നതിനുള്ള പുതിയ നിയമ നിർമാണത്തിനുള്ള ബിൽ പഞ്ചാബ് നിയമസഭയിൽ ജൂലൈ 14-ന് അവതരിപ്പിച്ചു. വിവിധ മതസ്ഥരുടെ വിശുദ്ധ ഗ്രന്ഥങ്ങളെ അവഹേളിച്ചാൽ കുറഞ്ഞ് 10 ലക്ഷം രൂപയോ അല്ലെങ്കിൽ ജീവപര്യന്തം തടവോ ലഭിക്കുമെന്നതാണ് ബില്ലിലെ വ്യവസ്ഥയെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. മതഗ്രന്ഥങ്ങളെ നിന്ദിക്കുന്നതുമായി ബന്ധപ്പെട്ട് ഒരുപാട് കേസുകൾ അടുത്തിടെ റിപ്പോർട്ട് ചെയ്തിനാൽ തന്നെ ഈ ബിൽ കൃത്യമായ സമയത്താണ് വന്നതെന്ന് ജലന്തർ രൂപതാ വികാരി ജനറൽ ഫാ. ഡാനിയൽ ഗിൽ പറഞ്ഞു. ബിൽ ഉടൻ പാസായാൽ ദൈവനിന്ദ പോലുള്ള സംഭവങ്ങൾ തടയാൻ സർക്കാരിന് സഹായകരമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാജ്യത്തെ ക്രൈസ്തവർക്കെതിരായ അക്രമണങ്ങൾ റിപ്പോർട്ടു ചെയ്യുന്ന യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം കൺവീനർ എസി മൈക്കിളും ബില്ലിനെസ്വാഗതം ചെയ്തു.



സ്വർഗ്ഗത്തിൽ ഒന്നാംവർഷം...
23 - 08 - 2025



## ചക്രമാക്കിൽ ജോണി ഭാര്യ

# മേരി

ജനനം
02 - 08 - 1938

മരണം
23 - 08 - 2024

തെക്കേ അങ്ങാടി
കുന്നംകുളം



പ്രാർത്ഥനാപൂർവ്വം : മക്കൾ, പേരമക്കൾ



# പാവനസ്മരണയ്ക്ക്
## 13-ാം ചരമവാർഷികം
25-08-2025



## ആലപ്പാട്ട് പോൾ
## വിജിലിയൂസ്
തൃശൂർ റോഡ് - കുന്നംകുളം

| ജനനം | മരണം |
|---|---|
| 02 - 03 - 1942 | 25 - 08 - 2012 |

സ്മരണകളോടെ
സന്തപ്ത കുടുംബാംഗങ്ങൾ



# വിശുദ്ധ എവുപ്രാസ്യമ്മയും ദിവ്യകാരുണ്യവും

**സിസ്റ്റർ നൈസി മരിയ**

വിശുദ്ധ എവുപ്രാസ്യമ്മ പ്രാർത്ഥിക്കുന്ന അമ്മ, സക്രാരിയുടെ കാവൽക്കാരി, എന്നൊക്കെ അറിയപ്പെടുന്നത് ദിവ്യകാരുണ്യനാഥനെ നിരന്തരം സ്മരിക്കുന്നത്കൊണ്ടാണ്. ദിവ്യകാരുണ്യനാഥനെ ഹൃദയത്തിൽ സ്വീകരിക്കുന്ന ഏതൊരു വ്യക്തിയും മറ്റൊരു ഈശോയായി മാറുകയാണല്ലോ. അപ്പോൾ പോകുന്ന ഇടങ്ങളിലും ആയിരിക്കുന്ന സ്ഥലങ്ങളിലും ഈശോയുടെ സാന്നിദ്ധ്യം മറ്റുള്ളവർക്കും അനുഭവപ്പെടണം. അങ്ങനെ അനുഭവപ്പെട്ടവർ അവരെ ചലിക്കുന്ന സക്രാരി എന്ന് വിശേഷിപ്പിക്കുന്നു.

ഈശോയ്ക്ക് വേണ്ടി ആത്മാക്കളെ നേടാൻ നിരന്തരം പ്രാർത്ഥിച്ചും പ്രത്യേകിച്ച് ജപമാല എന്ന ആയുധം കൈകളിലേന്തിയും മറ്റുള്ളവരെക്കൊണ്ട് പ്രാർത്ഥിപ്പിച്ചും യേശു സാന്നിധ്യത്തിൽ നിരന്തരം ആയിരുന്നു. മൗനത്തെയും ഏകാന്തതയെയും സ്നേഹിപ്പിൻ. അവയിൽ തമ്പുരാനേയും ഹൃദയസമാധാനത്തേയും നിങ്ങൾ കണ്ടെത്തും. എന്ന സ്ഥാപക പിതാക്കന്മാരുടെ വചനം അന്വർത്ഥമാക്കിയവളായിരുന്നു വിശുദ്ധ എവുപ്രാസ്യമ്മ. ദൈവത്തെ സ്നേഹിച്ച് സഹോദരങ്ങൾക്കൊക്കെ വേണ്ടി പ്രാർത്ഥിച്ച് അവർക്ക് വേണ്ടി ത്യാഗങ്ങൾ ഏറ്റെടുത്ത എവുപ്രാസ്യമ്മയെ നമുക്ക് കാണാനാകും. പ്രത്യേകിച്ച് തിരുസഭയുടെ പ്രത്യേക പ്രതിസന്ധി ഘട്ടത്തിൽ (ശീശ്മയിൽ നിന്ന് ആത്മാക്കളെ രക്ഷിക്കുന്നതിന്) വൈദികമേലധ്യക്ഷനെ ശക്തിപ്പെടുത്തുന്നതിനും പ്രാർത്ഥനയിലൂടെ മാധ്യസ്ഥം വഹിക്കുന്നതിനും എവുപ്രാസ്യമ്മ സന്നദ്ധയായിരുന്നു.

ശരീരത്തിന്റേയും ജഡത്തിന്റേയും അധമവാസനകളെ നിയന്ത്രിക്കാൻ ഭക്ഷണസാധനങ്ങൾ കൊണ്ടുള്ള ക്രമരഹിതമായ ആസക്തി ഇല്ലാതാക്കാൻ മക്കിപ്പൊടിചേർത്തും ഉപ്പുചേർത്തും ഭക്ഷണം കഴിക്കുന്ന എവുപ്രാസ്യഅമ്മയെപ്പറ്റി നാം കേട്ടിട്ടുണ്ട്. ശുദ്ധീകരണ സ്ഥലത്തിൽ വേദനയനുഭവിക്കുന്ന ആത്മാക്കൾക്കു വേണ്ടി നിരന്തരം ദൈവസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ട് അവരെ സ്വർഗ്ഗത്തിലേക്ക് കയറ്റി വിടുന്നതിനും അവർ വന്ന് എവുപ്രാസ്യമ്മ

യോട് നന്ദി പറയുന്നതും നാം വായിച്ച് അറിഞ്ഞിട്ടുണ്ട്.

കർത്താവിന്റെ കരുണയിൽ നിരന്തരം ആശ്രയിക്കുന്ന ആകാശത്തിലെ പറവകളേയും വയലിലെ ലില്ലികളേയും പോലെ വിശുദ്ധ എവുപ്രാസ്യമ്മയും ദൈവത്തിൽ ആശ്രയിച്ച് സന്ന്യാസിനി സഹോദരങ്ങളെ തീറ്റിപ്പോറ്റിയതായി കാണാം.

ദിവ്യകാരുണ്യ നാഥനോടും പരിശുദ്ധ അമ്മയോടും വിശുദ്ധ യൗസേപ്പിതാവിനോടും സവിശേഷഭക്തി ഉണ്ടായിരുന്ന എവുപ്രാസ്യമ്മയെ വിളിച്ചെഴുന്നേൽപ്പിച്ച് തന്റെ മുറിയിൽ വിശുദ്ധ കുർബാനക്ക് സജ്ജമാക്കിയതും വിശുദ്ധ കുർബാന അർപ്പിച്ച് ദിവ്യ കാരുണ്യം വിശുദ്ധ എവുപ്രാസ്യമ്മയുടെ നാവിൽ വച്ചുകൊടുത്തതും അമ്മ തന്നെയാണ് വിവരിക്കുന്നത്. മാലാഖ വൃന്ദങ്ങളും മാതാവും വിശുദ്ധ യൗസേപ്പിതാവും കാണപ്പെട്ട്. എന്നും ദിവ്യകാരുണ്യം സ്വീകരിക്കണമെന്ന് വിശുദ്ധ എവുപ്രസ്യമ്മയുടെ ആഗ്രഹം സഫലമാക്കുന്നു. സദാ ദൈവഹിതം നിറവേറ്റാനും ദൈവസാന്നിദ്ധ്യസ്മരണയിൽ ചെലവഴിക്കാനും എവുപ്രാസ്യമ്മ പരിശ്രമിച്ചിരുന്നു. അതുകൊണ്ടാണ് അവളുടെ ഏതൊരു കൊച്ചു ആഗ്രഹത്തെയും അവിടുന്ന് സാധിപ്പിച്ച് കൊടുക്കുന്നത്. ദിവ്യകാരുണ്യ ഭക്തിയിൽ അനുദിനം വളരുന്നതിനും മറ്റുള്ളവരെ വളർത്തുന്നതിനും എവുപ്രാസ്യമ്മ നമുക്ക് പ്രചോദനമാകട്ടെ.



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

## സെന്റ് തോമസ് കുടുംബകൂട്ടായ്മ വാർഷികം

**2025 ആഗസ്റ്റ് 10 ഞായർ വൈകീട്ട് 6.00ന്**
**സെഹിയോൻ ശാലയിൽ** (ഇടവക പാരിഷ് ഹാൾ)

അദ്ധ്യക്ഷൻ : **റവ. ഫാ. ഡെയ്സൻ മുണ്ടോപുറം** (ഇടവക വികാരി)

**കലാപരിപാടികൾ** | **സമ്മാനദാനം** | **സ്നേഹവിരുന്ന്**

| പ്രസിഡണ്ട് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| **പോയ്സ് ജേബി** | **ലാലി വിനയൻ** | **ലിയോൺ ജോർജ്ജ്** |

# യൂത്ത് സി.എൽ.സി.
## സെന്റ് സെബാസ്റ്റ്യൻ ചർച്ച് - കുന്നംകുളം

### എക്സിക്യൂട്ടീവ് പാനൽ 2025-28

*ആനിമേറ്റർ*



സിസ്റ്റർ റെജി തെരേസ്

*പ്രസിഡണ്ട്*



അബിൻ ബാബു സി.
✆ 91888 06885

*സെക്രട്ടറി*



സിയ ഷാജു
✆ 88918 56461

*ട്രഷറർ*



ശില്പ ഇ. ആർ.
✆ 98954 05013

*വൈസ് പ്രസിഡണ്ടുമാർ*



സ്നേഹ ലോയ്ഡ്



ഷിയോൺ ജോസി വി.

*ജോ. സെക്രട്ടറിമാർ*




ഷെറിൻ ജോസി



സന്ദീപ് എം. എസ്.

*ക്യാപ്റ്റൻ*




രാഹുൽ സുരേഷ് എം.

*വൈസ് ക്യാപ്റ്റൻ*



അഞ്ചൽ വി. എ.

*ജന. കോ- ഓഡിനേറ്റർമാർ*



ജെറിൻ ജോസഫ് ജെയ്മോൻ



ജെസ്ന സി. ജെ.



ഏവർക്കും
**പരി. മാതാവിന്റെ
സ്വർഗ്ഗാരോപണതിരുനാളിന്റേയും
സ്വാതന്ത്ര്യദിനത്തിന്റേയും
ആശംസകൾ**

*ടച്ച് – മീ
എഡിറ്റോറിയൽ ബോർഡ്*



# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ സി.എൻ. ഇമ്മാനുവേൽ സ്വാഗതം പറഞ്ഞു.
2. ജൂൺ മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. ഇടവക ചെറിയ തിരുനാളായ കക്കാട് സെന്റ് ആന്റണീസ് കപ്പേളയിലെ തിരുനാളിന്റെ പ്രവർത്തന റിപ്പോർട്ട് ജോ. ജന. കൺവീനർ ഫ്ളോറൻസ് ലോയ്ഡും, വരവ് ചെലവ് കണക്ക് ഫിനാൻസ് കൺവീനർ എം.എൽ. സുനിലും അവതരിപ്പിച്ച് പാസ്സാക്കി.
4. ഇടവക പൊതുയോഗം ആഗസ്റ്റ് 17 ഞായറാഴ്ച രാവിലെ 10.30ന് കൂടുന്നതിന് തീരുമാനിച്ചു.
5. സെന്റ് മേരീസ് കപ്പേളയിലെ ചെറിയ തിരുനാൾ സെപ്തംബർ 8 തിങ്കളാഴ്ച നടത്തുന്നതിനും, ചെറിയതിരുനാൾ കമ്മിറ്റിയുടെ അംഗങ്ങളായി താഴെ പറയുന്നവരേയും തെരഞ്ഞെടുത്തു.

| | |
|---|---|
| ചെയർമാൻ | : ഡെയ്സൺ മുണ്ടോപുറം |
| വൈസ് ചെയർമാൻമാർ | : സിസ്റ്റർ ബെൻസി സി.എം.സി.<br>കെ.ജി. ബാബു<br>പേൾജു ബി. ചുങ്കത്ത്<br>സി.എൻ. ഇമ്മാനുവേൽ |
| ജന. കൺവീനർ | : വി.ജെ. സുനിൽ |
| ജോ. ജന. കൺവീനർ | : അനി ലിയോൺ |
| ഫിനാൻസ് കൺവീനർ | : എം.എൽ. മാണി. |
| ലിറ്റർജി കൺവീനർ | : എൻ.ജെ. ജെയ്മോൻ |
| വർണ്ണമഴ കൺവീനർ | : വർഗ്ഗീസ് ആന്റണി |
| ഫുഡ് കൺവീനർ | : സി.ഒ. ആന്റണി |
| പ്രസഷൻ കൺവീനർ | : എം.എൽ. തോമാച്ചൻ |

## ഇടവക പൊതുയോഗം

**2025 ആഗസ്റ്റ് 17 ഞായറാഴ്ച രാവിലെ 10.30ന്** ഇടവകയുടെ പൊതുവായ സ്ഥിതി ചർച്ച ചെയ്യുന്നതിനും, സമഗ്രമായ വളർച്ചയ്ക്ക് ഉപകാരപ്രദമായ ആശയങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനും വേണ്ടി കൂടുന്ന **വാർഷിക പൊതുയോഗത്തിൽ** ഇടവകയിലെ എല്ലാ കുടുംബങ്ങളിൽ നിന്നും കുടുംബനാഥൻ/കുടുംബനാഥ/ മാതാപിതാക്കളുടെ കത്തുമായി 21 വയസ്സ് പൂർത്തിയായ മകൻ, നിർബന്ധമായും പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നു. ഈ യോഗത്തിൽ വെച്ച് **കൈക്കാരന്മാരുടെ പാനലിലേക്കുള്ള തെരഞ്ഞെടുപ്പ്** നടത്തുന്നതായിരിക്കും.

*എന്ന്, വികാരി*

# സംഘടനാ വാർത്തകൾ

**കെ.സി.വൈ.എം.**

* കെ.സി.വൈ.എം. ദിനത്തോടനുബന്ധിച്ച് ജൂലൈ 3ന് പതാകവന്ദനം നടത്തുന്നതിനോടൊപ്പം പാലയൂർ ബൈക്ക് റാലി നടത്തപ്പെടുകയും തെരഞ്ഞെടുക്കപ്പെട്ട വീടുകൾക്ക് ദുക്റാന കിറ്റും നൽകുകയും ചെയ്തു.

**റോസ മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി**

* ജൂലൈ 5ന് ജൂബിലി വർഷ 24 മണിക്കൂർ ആരാധനയ്ക്ക് അൾത്താര മനോഹരമായി അലങ്കരിച്ചു.

**യൂത്ത് സി.എൽ.സി.**

* സി.എൽ.സി. ദിനത്തോടനുബന്ധിച്ച് കുടുംബകൂട്ടായ്മകൾക്കായി ഷട്ടിൽ ടൂർണമെന്റ് ജൂലൈ 27-ാം തിയ്യതി നടത്തി.
* കർമ്മല മാതാവിന്റെ തിരിനാളിനോടനുബന്ധിച്ച് കർമ്മലാദരം ജൂലൈ 16ന് നടത്തി.

**ജൂനിയർ സി.എൽ.സി.**

* ജൂനിയർ സി.എൽ.സി. അംഗങ്ങൾ ജൂലൈ 20ന് കുടുംബകൂട്ടായ്മകൾക്കായുള്ള ലയോള ക്വിസ് സംഘടിപ്പിച്ചു.
* ജൂലൈ 27ന് ഞായറാഴ്ച രാവിലെ ഇഗ്നേഷ്യൻ കളറിങ്ങ് മത്സരം നടത്തി.
* ജൂലൈ 16ന് കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് കർമ്മലാദരം നടത്തി.
* ജൂലൈ 31ന് അംഗങ്ങളുടെ പ്രെയർഡേയും വി. ഇഗ്നേഷ്യസ് ലയോളയുടെ തിരുനാളും ആചരിച്ചു.

**അൾത്താര സംഘം**

* ജൂലൈ 26ന് വി. അന്നയുടേയും വി. ജോവാക്കിമിന്റേയും തിരുനാൾ കുർബാനക്ക് നേതൃത്വം നൽകി.
* കർമ്മല സുകൃതം എന്ന പേരിൽ ജൂലൈ 16ന് കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് സംഘടനയുടെ ആനിമേറ്ററായ സിസ്റ്റർ ഡെൽന റോസിനെ ആദരിച്ചു.

**തിരുബാലസഖ്യം**

* ജൂലൈ 5ന് ജൂബിലി വർഷത്തോടനുബന്ധിച്ച് 24 മണിക്കൂർ ആരാധനയിൽ തിരുബാലസഖ്യ അംഗമായ ഏൻജൽ റോബിന് വേണ്ടി തിരുമണിക്കൂർ ആരാധന നടത്തി പ്രത്യേകം പ്രാർത്ഥിച്ചു.
* ജൂലൈ 16ന് കർമ്മല മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് സംഘടനയുടെ കോ-ഓഡിനേറ്ററായ സിസ്റ്റർ നൈസി മരിയയെ ആദരിച്ചു.
* ജൂലൈ 27ന് ബിരിയാണി ചാലഞ്ച് നടത്തി.

# ഇടവക ആൽബം

ജൂബിലി വർഷ 24 മണിക്കൂർ ആരാധന



കർമ്മല സ്നേഹ പുണ്യ സുകൃത ആദരം



വിശ്വാസ പ്രഘോഷണ ദിനം



# ഇടവക ആൽബം

## SANTHOME EXPO 2K25




## KCYM DAY 2K25



## KCYM DAY 2K25



## KCYM പതാകദിനം



# ഇടവക ആൽബം

**എ.ബി.എ. പ്രെയർ ഡേ 2025**



**ബിരിയാണി ചലഞ്ച് 2025**



**ഗ്രാന്റ് പാരന്റ്സ് ഡേ 2025**



## ജീസസ് യൂത്ത്
## സെന്റ് സെബാസ്റ്റ്യൻ ചർച്ച് - കുന്നംകുളം

### എക്സിക്യൂട്ടീവ് ബോഡി 2025-28

*ആനിമേറ്റർ*




**ബ്രദർ ഹൃദേഷ് അഗസ്റ്റിൻ**

*പ്രസിഡണ്ട്*



**സാന്ദ്ര എം. സുനിൽ**

*സെക്രട്ടറി*



**അഞ്ജലി മരിയ ഷാജി**

*ട്രഷറർ*



**ഷിയോൺ ജോസി വി.**

*വൈസ് പ്രസിഡണ്ട്*



**അമൽ റോഷ്**

*ജോ. സെക്രട്ടറി*



**ജാസ്മിൻ സി.ജെ.**


സ്മരണാഞ്ജലി
11-ാം ചരമവാർഷികം
ജനനം
23-11-1950
കല്ലച്ചൻമുറി
പൈലി മാത്യു
മരണം
14-08-2014
കല്ലച്ചൻമുറി ഹൗസ്
ലോവർ ബസാർ, ചിറളയം, കുന്നംകുളം
സ്മരണകളോടെ : സന്തപ്ത കുടുംബാംഗങ്ങൾ



## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക

# സെന്റ് ജോസഫ് കുടുംബ കൂട്ടായ്മ

### ഭാരവാഹികൾ (2025–2028)

**പ്രസിഡണ്ട്**



പേൾജു ബി. ചുങ്കത്ത്
✆ 98470 31110

**സെക്രട്ടറി**




റീന ജയ്സൺ
✆ 99478 88432

**ട്രഷറർ**



ജോഫി ജോസഫ്
✆ 94006 24990

**വൈസ് പ്രസിഡണ്ടുമാർ**



ജോസ്സി ഫ്രാൻസീസ്



ജീന ജിജു

**ജോ. സെക്രട്ടറിമാർ**



ഷീജ വി.ഡി.



അഫ്രിൻ ബെൻ ചുങ്കത്ത്



## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക

# മേരി മാതാ കുടുംബ കൂട്ടായ്മ

### ഭാരവാഹികൾ (2025–2028)

**പ്രസിഡണ്ട്**



രാജു ബി. ചുങ്കത്ത്
✆ 98474 31110

**സെക്രട്ടറി**



ആനന്ദി സുനിൽ
✆ 94958 55053

**ട്രഷറർ**



പി.ജെ. ടോണി
✆ 95624 62383

**വൈസ് പ്രസിഡണ്ടുമാർ**



കെ.എൽ. ലോയ്ഡ്



അഞ്ചൽ ആനന്ദൻ

**ജോ. സെക്രട്ടറിമാർ**



എം.ജെ. അഭിലാഷ്



റിയ മിക്കി

# കെ.സി.വൈ.എം.
# സെൻ്റ് സെബാസ്റ്റ്യൻ ചർച്ച് - കുന്നംകുളം


## എക്സിക്യൂട്ടീവ് ബോഡി 2025-28

*പ്രസിഡണ്ട്*



പി.കെ. കൃപദാസ്
✆ 70345 95049

*സെക്രട്ടറി*



ജെറിൻ ജോസഫ് ജെയ്മോൻ
✆ 81299 64314

*ട്രഷറർ*



അഫ്രിൻ ബെൻ ചുങ്കത്ത്
✆ 98470 09621

*വൈസ് പ്രസിഡണ്ട്*



ക്രിസ്റ്റോ സി. പോൾ

*ജോ. സെക്രട്ടറി*



അമിത്ത് ടോണി

*ക്യാപ്റ്റൻ*



അരുൺ ആൻ്റണി

*വൈസ് ക്യാപ്റ്റൻ*



പി.ബി. നിഥിൻ

*കോ- ഓഡിനേറ്റർ*



എം.ജെ. അഭിലാഷ്

*കോ- ഓഡിനേറ്റർ*



ടിജോ ജോൺസൺ സി.

## വാഹനങ്ങളുടെ പാർക്കിങ്ങ്

P PARKING

**പള്ളിയിൽ തിരുകർമ്മങ്ങൾക്ക് വരുന്നവരുടെ വാഹനങ്ങൾ പള്ളിയുടെ മുൻവശത്തുള്ള റോഡിൻ്റെ ഇരുവശങ്ങളിലോ സമീപത്തുള്ള പള്ളിയുടെ മുമ്പിലോ പാർക്ക് ചെയ്യരുത്.**



നമ്മുടെ വാഹനങ്ങൾ മറ്റുള്ളവരുടെ വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാൻ തടസ്സമില്ലാത്ത വിധത്തിൽ

**പള്ളിയുടെ ഗ്രൗണ്ടിൽ മാത്രം പാർക്ക് ചെയ്യുക.**

*റോഡിലെ ട്രാഫിക് ബ്ലോക്ക് ഒഴിവാക്കുവാൻ എല്ലാവരും സഹകരിക്കുക.*



**മറ്റുള്ളവർക്ക് മാതൃകയാകുക**

# വഴിവിളക്ക്

## പത്ത് കല്പനകൾ

**അഞ്ചാം കല്പന**

" കൊല്ലരുത്" "നീ കൊല്ലരുത്" (പുറ: 20:13)

ഗർഭധാരണ നിമിഷം മുതൽ മരണം വരെ ഓരോ മനുഷ്യജീവനും പാവനമാണ്. കാരണം, ജീവിക്കുന്നവനും പരിശുദ്ധനുമായ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യവ്യക്തി അവനുവേണ്ടി തന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. (സിസിസി 23:19)

മനഃപൂർവ്വമായ ദയാവധം അതിന്റെ രീതികളും ഉദ്ദേശ്യങ്ങളും എന്തായാലും കൊലപാതകമാണ്. അത് മനുഷ്യവ്യക്തിയുടെ മഹാത്മ്യത്തിനും അവന്റെ സ്രഷ്ടമായ ജീവിക്കുന്ന ദൈവത്തോടുള്ള ആദരവിനും ഗൗരവമാംവിധം എതിരാണ്. (സിസിസി 23:24)

**ചിന്താവിഷയം**

1. അഞ്ചാം പ്രമാണത്തിന്റെ ലംഘലത്തിന് പ്രേരിപ്പിക്കുന്ന സാഹചര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോ?
2. ഗർഭച്ഛിദ്രം, ദയാവധം തുടങ്ങിയവയെ ലംഘനമായി കാണുന്നുണ്ടോ?


തയ്യാറാക്കിയത്

കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം



### അനുമോദനങ്ങൾ

ജൂൺ മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത
**നീലങ്കാവിൽ ബെന്നി ബെനിക്സ്ലാലിന്**
*ഇടവകയുടെ*
*അനുമോദനങ്ങൾ*



# ബൈബിളിലൂടെ

ഡേവി

**മരുഭൂമിയിലെ പരീക്ഷ**

സ്നാപക യോഹന്നാനിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ച യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനു മുന്നോടിയായി നാല്പതു ദിവസം മരുഭൂമിയിൽ ഉപവസിച്ച് പ്രാർത്ഥനയിൽ ആയിരുന്നതായി കാണാം. ഉപവാസത്തിനുശേഷം സാത്താന്റെ പരീക്ഷണങ്ങളെ അതിജീവിച്ചതിനു ശേഷമാണ് യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത്. പരിശുദ്ധ ത്രിത്വത്തിൽ മൂന്നാളുകൾ ഉള്ളതുപോലെ ഒരു മനുഷ്യനിൽ മൂന്ന് ഘടകങ്ങൾ ഉണ്ട്. ദൈവീകം, പൈശാചികം, ജഢികം (മൃഗീയം)

**ദൈവീകം** : എളിമ, വിനയം, ദയ, പരസ്നേഹം, ലാളിത്യം, സഹനം, ക്ഷമ, മുതലായവ...

**പൈശാചികം** : ഈഗോ (ഞാനെന്ന ഭാവം) സ്വാർത്ഥത, ക്രോധം, പക, ആഢംബര ഭ്രമം, സമ്പത്തിനോടുള്ള ആസക്തി, പ്രതികാര ദാഹം, അസൂയ, മുതലായവ...

**ജഢികം** : വിശപ്പ്, ദാഹം, ലൈംഗീക ആസക്തി തുടങ്ങി മറ്റ് ശാരീരിക ദൗർബല്യങ്ങൾ.

മനുഷ്യനായി അവതരിപ്പിച്ച യേശുവിലും ഈ മൂന്ന് ഘടകങ്ങളുടെ സ്വാധീനം ഉണ്ടായിരിക്കും. അതിന്റെ മേൽ തന്റെ ആധിപത്യം സ്ഥാപിക്കാനാണ് സാത്താൻ യേശുവിനെ പരീക്ഷിക്കുന്നത്. സാത്താൻ യേശുവിന്റെ ജഢികമായ അവസ്ഥയെയാണ് ആദ്യം പരീക്ഷിക്കുന്നത്.

നാല്പതു ദിവസം ഭക്ഷണം കഴിക്കാതെയിരിക്കുക എന്നു പറഞ്ഞാൽ സാധാരണ മനുഷ്യനെ സംബന്ധിച്ചിടത്തോളം അത്ര എളുപ്പമുള്ള കാര്യമല്ല. ഒന്നോ രണ്ടോ ദിവസമൊക്കെ നമുക്ക് പിടിച്ചു നിൽക്കാൻ സാധിക്കുമെന്ന് കരുതാം. യേശു ഉപവസിച്ച് പ്രാർത്ഥനയിൽ ആയിരിക്കുന്നത് ഒരു മരുഭൂമിയിൽ അല്ലെങ്കിൽ വിജന പ്രദേശത്ത് ആയിരുന്നു എന്നാണ് സുവിശേഷത്തിൽ നിന്ന് വ്യക്തമാകുന്നത്. അപ്പോൾ ഒരു പക്ഷേ വെള്ളംപോലും കിട്ടാൻ സാധ്യതയില്ല. യേശുവിന്റെ ശാരീരികമായ ഈ പരവശത ചൂഷണം ചെയ്യാനാണ് സാത്താന്റെ ആദ്യത്തെ പരിശ്രമം. അതുകൊണ്ടാണ് സാത്താൻ പറയുന്നത് : നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകളോട് അപ്പം ആകാൻ പറയുക എന്ന്.

(തുടരും)

# കെ.എൽ.എം.
# സെന്റ് സെബാസ്റ്റ്യൻ ചർച്ച് - കുന്നംകുളം

## എക്സിക്യൂട്ടീവ് ബോഡി 2024-27

*പ്രസിഡണ്ട്*



കെ.എൽ. ലോയ്ഡ്
✆ 8921245453

*സെക്രട്ടറി*



പി.ആർ. സജി
✆ 9495473897

*ട്രഷറർ*



കെ.ടി. ബൈജു
✆ 9744937838

*വൈസ് പ്രസിഡണ്ട്*




കെ.ജെ. ജെയ്സൺ

*വൈസ് പ്രസിഡണ്ട്*



ലാലി വിനയൻ

*ജോ. സെക്രട്ടറി*



ആന്റു വർഗ്ഗീസ്

*ജോ. സെക്രട്ടറി*



സൗമ്യ ദേവസ്സി

*ഫൊറോന കൗൺസിലർമാർ*



എം.ജെ. അഭിലാഷ്



അനു അഭിലാഷ്

*അതിരൂപത കൗൺസിലർമാർ*



എൻ.ജെ. ജെയ്മോൻ



ഷിബിത ബൈജു

*ഫോറം കൺവീനർ*



സി.എൻ. ഇമ്മാനുവേൽ

## അറിയിപ്പ്

ടച്ച് മീയിലേക്കുള്ള മാറ്ററുകളും ഫോട്ടോകളും നിങ്ങളുടെ കലാസൃഷ്ടികളും
15 – ാം തിയ്യതിക്ക് മുമ്പായി വാട്ട്സാപ്പ്, ഇ – മെയിൽ വഴിയോ
ടച്ച് മീയുടെ ബോക്സിൽ നിക്ഷേപിക്കുകയോ,
ടച്ച് മീ ഭാരവാഹികളുടെ കയ്യിൽ ഏൽപ്പിക്കുകയോ ചെയ്യുക.
കലാസൃഷ്ടികൾ എഴുതുന്നവരുടെ പേരും, ഫോട്ടോയും, ഫോൺ നമ്പറും
നിർബന്ധമായും ഏൽപ്പിക്കണം

✉ vcjosy@gmail.com ✆ 98470 17 297

എന്ന്, സെക്രട്ടറി


unskippable
Onam
COLLECTIONS
STARTING FROM ₹299
Pulimoottil
Pulimoottil
SILKS
PALACE ROAD, THRISSUR
THIRUVALLA | KOCHI | KOTTAYAM
THODUPUZHA | KOLLAM | PALA
WWW.PULIMOOTTILONLINE.COM

K



## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക

# സെന്റ് ആന്റണീസ് കുടുംബ കൂട്ടായ്മ

### ഭാരവാഹികൾ (2025–2028)

**പ്രസിഡണ്ട്**



**സി.എം. സാംസൺ**
✆ 94467 64210

**സെക്രട്ടറി**



**ലില്ലി ആന്റണി**
✆ 94001 62851

**ട്രഷറർ**



**പി.ആർ. സജി**
✆ 94954 73897

**വൈസ് പ്രസിഡണ്ടുമാർ**



ആന്റു വർഗ്ഗീസ്



ഫെമി ജോൺസൺ

**ജോ. സെക്രട്ടറിമാർ**



പി.ജെ. കൃപദാസ്



പ്രിൻസി ഫ്രാൻസിസ്



## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക

# സെന്റ് തോമസ് കുടുംബ കൂട്ടായ്മ

### ഭാരവാഹികൾ (2025–2028)

**പ്രസിഡണ്ട്**



**ലിയോൺ ജോർജ്ജ്**
✆ 96056 14973

**സെക്രട്ടറി**



**ജിനി ജെയ്മോൻ**
✆ 93497 48775

**ട്രഷറർ**



**ഷാജി വർഗ്ഗീസ്**
✆ 92493 10009

**വൈസ് പ്രസിഡണ്ടുമാർ**




രാഹുൽ സുരേഷ്



ജാക്വലിൻ വിനു

**ജോ. സെക്രട്ടറിമാർ**



കെ.പി. സെബാസ്റ്റ്യൻ



ഷിബിത ബൈജു



# നിപ വൈറസ് പനി

**ഡോ. പോൾ സി. റാഫേൽ**

നിപ വൈറസ് പനി അതിഭീകരമായ ഒരു വൈറസ് രോഗമാണ്. ഗൗരവപൂർവ്വം കാണേണ്ട ഈ വൈറസ്ജന്യ രോഗം നിമിത്തം ഒരുപാട് ആളുകൾ മരണത്തിനിരയായി കൊണ്ടിരിക്കുന്നു.

നിപ പിടിപെട്ട് രോഗം മൂർച്ഛിക്കുന്ന അവസ്ഥയിൽ രോഗം മറ്റുള്ളവരിലേക്ക് പകരുന്നു. രോഗാണുക്കൾ ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും പുറത്തേക്ക് തെറിക്കുന്ന സ്രവങ്ങളിലൂടെയാണ് മറ്റുള്ളവരുടെ ശ്വാസകോശത്തിൽ എത്തുന്നത്.

വായുവിലൂടെയോ, വെള്ളത്തിലൂടെയോ വൈറസ് വ്യാപിക്കുകയില്ല. ശരീരസ്രവങ്ങളായ രക്തം, കഫം, മൂത്രം, ഉമിനീർ തുടങ്ങിയവയിലൂടേയും വൈറസ് മറ്റുള്ളവരിലേക്ക് പടരും. ഒരു മീറ്ററിനടുത്ത് നിന്ന് തുമ്മുകയും ചുമയ്ക്കുകയും ചെയ്യുമ്പോൾ വൈറസ് നേരിട്ടെത്തും. വൈറസിനെതിരെ ശരിയായി മരുന്നില്ല. എങ്കിലും ആശ്വാസത്തിന് ഓസ്ട്രേലിയയിൽ നിന്ന് മോണോക്ലോണൽ ആന്റി ബോഡി 1024 മരുന്ന് ഇപ്പോൾ നാട്ടിൽ എത്തുന്നുണ്ട്. കൂടാതെ റിബാവൈറിൻ (RABI VIRIN TABLET) (ദിവസം ഒന്നു വീതം 20 ദിവസം) നൽകാമെന്നും പറയുന്നു. അത് എത്രമാത്രം സുരക്ഷിതമാണെന്ന് പറയാൻ പറ്റുകയില്ല. മറ്റേതു വൈറസ് രോഗത്തെപ്പോലെ സ്വയം നിയന്ത്രിതരോഗമാണ് നിപയും. മുൻകരുതലും, സൂക്ഷ്മതയും, ജാഗ്രതയുമാണ് രോഗം പകരാതിരിക്കാൻ ആവശ്യം.

വൈറസ് ബാധയേറ്റവരെ പ്രത്യേകം തീവ്രപരിചരണ വാർഡിൽ പരിപാലിക്കുകയാണ് പോംവഴി. രോഗിയെ പരിശോധിക്കുന്നവർ കൈയുറയും മാസ്കും ധരിക്കണം. കൈ സോപ്പ് ഉപയോഗിച്ച് ഇടവിട്ട് കഴുകണം. രോഗിയുടെ വസ്ത്രങ്ങൾ പ്രത്യേകം സൂക്ഷിക്കണം.

വൈറസ് ശരീരത്തിൽ കടന്നാൽ അഞ്ചുമുതൽ പതിനാലു ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങും.

പനി, കഠിനമായ തലവേദന, തലകറക്കം, ബോധക്ഷയം എന്നിവയാണ് ലക്ഷണങ്ങൾ. ചുമ, വയറുവേദന, ഛർദ്ദി, ശ്വാസതടസ്സവും ഉണ്ടാകാം. മസ്തിഷ്ക്കത്തിനേയും ശ്വാസകോശങ്ങളേയും ഹൃദയത്തിനെയുമാണ് നിപ വൈറസ് കൂടുതലായി ബാധിക്കുന്നത്.

ഏതു പനി പിടിപെട്ടാലും പ്രത്യേകിച്ച് നിപ വൈറസ് ഉണ്ടാ

യാൽ ആഹാരക്രമത്തിൽ വളരെ ശ്രദ്ധിക്കണം. പനിയുള്ളപ്പോൾ ലളിതമായ ഭക്ഷണ രീതിയാണ് നല്ലത്. ധാരാളം ശുദ്ധജലം, തിളപ്പിച്ചാറിയ വെള്ളം കുടിക്കുന്നതും ഇളനീർ വെള്ളം, പഞ്ചസാരയും ഉപ്പും ചേർത്ത് (ORS) തയ്യാറാക്കിയ പാനീയം രോഗിക്ക് നൽകുന്നതും നല്ലതാണ്. നല്ലവണ്ണം വേവിച്ചു ഭക്ഷണപദാർത്ഥങ്ങൾ കഴിക്കുക. കൊഴിപ്പില്ലാത്ത പോഷകാഹാരങ്ങൾ ധാരാളം രോഗിക്ക് നൽകാം. പക്ഷി മൃഗാദികളും വവ്വാലും ഭാഗികമായി തിന്ന പേരക്ക, മാങ്ങ, ചാമ്പക്ക തുടങ്ങിയ പഴങ്ങൾ കഴിക്കാതിരിക്കാൻ ശ്രദ്ധിക്കണം. മറ്റുള്ളവരുമായി കൂടുതൽ ഇടപെടുന്നത് ഒഴിവാക്കണം. ഒരു മീറ്റർ വിട്ടുമാറി മാത്രമേ രോഗികളെ ആശുപത്രിയിൽ കിടത്താവൂ. അസുഖമുള്ളവർ സ്ഥലംവിട്ട് യാത്രചെയ്യരുത്. കൈ സോപ്പുകൊണ്ടോ, ഹാൻഡ് വാഷ്കൊണ്ടോ കഴുകിയ ശേഷം മാത്രം ആഹാരം കഴിക്കുക. കണ്ണ്, മൂക്ക്, വായ എന്നിവിടങ്ങളിൽ നേരിട്ട് സ്പർശിച്ചാൽ കൈകൾ സോപ്പിട്ട് ശുചിയാക്കാൻ മറക്കരുത്. രോഗനിർണ്ണയം രക്തം പരിശോധിച്ച് സ്ഥിരീകരിക്കാം. സ്രവം, കഫം, മൂത്രം എന്നിവയും ലാബ് പരിശോധിനക്ക് വിധേയമാക്കാം.

നിപ ബാധിച്ച് മരിച്ചവരെ പത്തടി ആഴത്തിൽ കുഴിച്ചിടുകയോ, കത്തിച്ചുകളയുകയോ ചെയ്താൽ വൈറസ് പരക്കാൻ സാധ്യതയില്ലെന്നും ആരോഗ്യവകുപ്പ് പറയുന്നു. മൃതശരീരം കൈകാര്യം ചെയ്യുന്നവർ ഉടനെ തന്നെ സോപ്പ് ഉപയോഗിച്ച് നന്നായി കുളിക്കുക. ഏതുതരം പനി ബാധിച്ചാലും ഏവരും പെട്ടെന്ന് വൈദ്യസഹായം തേടേണ്ടതാണ്.

**സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും**

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |

## മിഴിവിളക്ക്

# കാവൽ മാലാഖ

### 8. ഹാസിയേൽ : "കരുണയുടേയും കൃപയുടേയും ദൈവം"
### (മെയ് 1–5 കാലയളവിൽ ജനിച്ചവർക്ക്)

എല്ലാ തെറ്റുകുറ്റങ്ങൾക്കുള്ള പൊറുതി ഈ ദൂതൻ നമുക്കു തരുന്നു. സ്നേഹവും സൗഹൃദവും അതുവഴിയുള്ള ജനകീയതയും ഇദ്ദേഹത്തിന്റെ സവിശേഷതകളാണ്. ഭയപ്പെടുത്തുന്നതും അസ്വാസ്ഥ്യാജനകവുമായ സ്ഥിതിവിശേഷങ്ങളിൽ തന്റെ സാന്നിദ്ധ്യം ഒന്നുകൊണ്ടുതന്നെ ഹാസിയേൽ മാലാഖ സമാധാനമുണ്ടാക്കും. ഇതിനായി നാം ഈ കാവൽ മാലാഖയെ സഹായത്തിനു വിളിച്ചാൽ മതി. ഇദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ആനന്ദകരമായ സാഹചര്യങ്ങൾ തുടർച്ചയായി നിലനിൽക്കും. അനുരഞ്ജനം സുസ്ഥിരമാകുകയും ചെയ്യും.

പ്രാർത്ഥന : ദൈവമേ, അവിടുത്തെ കാരുണ്യം എന്നിലൂടെ പ്രകടമാകുമാറാകട്ടെ. എന്നിൽ സകലരും സമാശ്വാസം കണ്ടെത്തണമേ. സകലതും എനിക്ക് ഔദാര്യപൂർവ്വം നൽകപ്പെട്ടിരിക്കുന്നതിനാൽ എനിക്ക് ഉപകാരം ചെയ്തവരുടെ ജീവിതത്തിലെ വിഷമതകൾ മാറ്റിക്കൊടുത്താലും, എന്റെ പെരുമാറ്റത്തിൽ അവർ ബുദ്ധിമുട്ടു കുറഞ്ഞതും ആനന്ദമേറിയതുമായ ജീവിതത്തിന്റെ വാഗ്ദാനം ദർശിക്കുമാറാകട്ടെ.

ഉപദേശം : ആഹ്ലാദകരവും ഊഷ്മളവുമായ ജീവിത സാഹചര്യം നിനക്കു മുന്നിൽ തെളിയുന്നു. എന്നെ തേടുവിൻ, അപ്പോൾ നിന്റെ ദൈനംദിന കൃത്യങ്ങൾ മാധുര്യമേറിയതാകും. എന്തെന്നാൽ സ്നേഹവും സൗഹൃദവും ജീവിതത്തിന്റെ തന്നെ നിയമങ്ങളായിത്തീരുന്ന ഒരു ഉന്നതാവസ്ഥയിൽ നിങ്ങൾ എത്തും. നിങ്ങളിൽ നന്മയും സൗന്ദര്യവും കളിയാടും

തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം



ജൂനിയർ സി.എൽ.സി. പംക്തി

# വി. കൊച്ചുത്രേസ്യ

മരിയ സുരേഷ്



വിശുദ്ധ കൊച്ചുത്രേസ്യ, ഫ്രഞ്ചുകാരിയായ ഒരു കർമലീത്താ സന്യാസിയായിരുന്നു. 1925ൽ പതിനൊന്നാം പീയൂസ് മാർപാപ്പ കൊച്ചുത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചു. കത്തോലിക്ക സഭയിലെ ഏറ്റവും വലിയ പുണ്യവതിയെന്നു കൊച്ചുത്രേസ്യ അറിയപ്പെടുന്നു. 1947ൽ കത്തോലിക്ക സഭ അവളെ വേദപാരംഗതയുടെ (ഡോക്ടർ ഓഫ് ദി ചർച്ച്) പദവി നൽകി ബഹുമാനിച്ചു. ആവിലായിലെ ത്രേസ്യാ, സിയന്നയിലെ കത്രീന എന്നിവർക്കു പുറമേ, ഈ ബഹുമതി നേടിയ മൂന്നു വനിതകളിൽ ഒരാളാണ് വിശുദ്ധ കൊച്ചുത്രേസ്യ. ചെറുപുഷ്പം എന്ന പേരിലും കൊച്ചുത്രേസ്യ അറിയപ്പെടുന്നു. “ഒരു ആത്മാവിന്റെ കഥ” എന്ന കൊച്ചുത്രേസ്യയുടെ ആത്മകഥ ആദ്ധ്യാത്മിക സാഹിത്യത്തിലെ ഒരു ആധുനിക ക്ലാസ്സിക് ആണ്. അത് ഏറെപ്പേരെ വിശുദ്ധിയിലേക്ക് ആകർഷിക്കാൻ ഇടയാക്കിയതായി കരുതപ്പെടുന്നു.

തന്റെ 15-ാമത്തെ വയസ്സിൽ രണ്ട് സഹോദരിമാരോടൊപ്പം മഠത്തിൽ ചേർന്നു. എട്ടു വർഷത്തെ സന്യാസ ജീവിതത്തിനു ശേഷം ക്ഷയരോഗം പിടിപെട്ട കൊച്ചുത്രേസ്യ ഇരുപത്തിനാലാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. 1925 മെയ് 17 ന് തെരേസ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു. ആനുകൂല്യങ്ങളും അത്ഭുതങ്ങളും റോസാപുഷ്പങ്ങൾ പോലെ ചൊരിയുമെന്ന തെരേസയുടെ വാഗ്ദാനത്തിന്റെ സ്മരണ ഇപ്രകാരം നിലനിർത്തപ്പെടുന്നു. ഒക്ടോബർ 1 നാണ് തെരേസയുടെ തിരുനാൾ ആഘോഷിക്കുന്നത്.




Near Veterinary Hospital, Pattambi Road, Kunnamkulam. Tel: 9207 211078
Thrissur Road, Kunnamkulam. Tel: 9400211078

KM Trading, Abu Shagara, Sharjah - UAE.
T: 06-5570879. M: 00971564465704

www.tharakansroyaljewellery.com

100% BUY BACK FOR DIAMOND VALUE · HUID CERTIFIED JEWELLERY · Certified by INTERNATIONAL GEMOLOGICAL INSTITUTE


M



## കുന്നംകുളം സെൻ്റ് സെബാസ്റ്റ്യൻ ഇടവക

# സെൻ്റ് ജോർജ്ജ് കുടുംബ കൂട്ടായ്മ

### ഭാരവാഹികൾ (2025–2028)

**പ്രസിഡണ്ട്**




കെ.ജെ. ജെയ്സൺ
✆ 99476 59286

**സെക്രട്ടറി**



ഹെന്ന റോബി
✆ 70124 14268

**ട്രഷറർ**



വർഗ്ഗീസ് ആൻ്റണി
✆ 75599 69881

**വൈസ് പ്രസിഡണ്ടുമാർ**



പി.ഡി. ജോയ്



അനീന മരിയ ഷാജി

**ജോ. സെക്രട്ടറിമാർ**



ഷോബി റൊണാൾഡ്



സി.എ. സാൻ്റി




## കുന്നംകുളം സെൻ്റ് സെബാസ്റ്റ്യൻ ഇടവക

# സെൻ്റ് സേവ്യർ കുടുംബ കൂട്ടായ്മ

### ഭാരവാഹികൾ (2025–2028)

**പ്രസിഡണ്ട്**



എം.എൽ. മാണി
✆ 94463 91580

**സെക്രട്ടറി**




ബീന സജി
✆ 96338 03220

**ട്രഷറർ**



എം.എൽ. സുനിൽ
✆ 98464 34411

**വൈസ് പ്രസിഡണ്ടുമാർ**



തോംസൺ തച്ചിൽ



റോസിലി ആൻ്റണി

**ജോ. സെക്രട്ടറിമാർ**



സൗമ്യ ദേവസി



സിജു വി. രാജു







# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ........................................... ഫോൺ നമ്പർ :..................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Anna Maria Mobin , Class : Nursery, Marymatha Kudumbakoottayma

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

# ചിക്കൻ നൂഡിൽസ് സൂപ്പ്

ബിന്ദു രാജു

**ചേരുവകൾ**

1. കോഴി ഇറച്ചി എല്ലോട് കൂടി - 1/4 കിലോ
   വെള്ളം - 4 കപ്പ്
   ഇഞ്ചി നീളത്തിൽ അരിഞ്ഞത് - 1/2 ടീസ്പൂൺ
2. വെള്ളം - 6 കപ്പ്
   ഉപ്പ് - പാകത്തിന്
3. നൂഡിൽസ് - 50 ഗ്രാം
4. വെണ്ണ - 1ടീസ്പൂൺ
5. കാരറ്റ് തീരെ ലോലമായി 2 ഇഞ്ച് നീളത്തിൽ അരിഞ്ഞത് - 1/4 കപ്പ്
   ബീൻസ് കാരറ്റുപോലെത്തന്നെ അരിഞ്ഞത് - 1/4 കപ്പ്
   സവാള അരഇഞ്ച് ചതുര കഷണങ്ങൾ - 1/2 കപ്പ്
   വെന്ത ഇറച്ചി ചെറുതായി അടർത്തിയത് - 1/2 കപ്പ്
6. വെണ്ണ - 1/2 ടീസ്പൂൺ
7. കോൺഫ്ളോർ - 1 ടീപ്സ്പൂൺ
8. പാൽ - 1/4 കപ്പ്
9. ഉപ്പ് - പാകത്തിന്

**പാചകവിധി :-**

ഒന്നാമത്തെ ചേരുവകൾ പ്രഷർകുക്കറിലോ അല്ലാതെയോ വേവിക്കണം. ഇറച്ചി ശരിക്കു വെന്താലുടൻ എല്ലിൽനിന്നു വേർപെടുത്തണം. എന്നിട്ട് അരിക്കണം. നൂഡിൽസ് വേവിച്ച് മാറ്റി വെക്കുക.

വെണ്ണയും പച്ചക്കറിയും കൂടി ഒന്നിച്ചിട്ടു വഴറ്റുമ്പോൾ ചെറിയ കഷണങ്ങളായി അടർത്തി വെച്ചിരിക്കുന്ന ഇറച്ചി ചേർത്ത് വീണ്ടും വഴറ്റുക.

രണ്ടാമത് പറഞ്ഞിരിക്കുന്ന 1/2 ടീസ്പൂൺ വെണ്ണയിൽ കോൺഫ്ളോർ ഇട്ട് പാലൊഴിച്ച് കട്ടകൂടാതെ ഇളക്കി അല്പം കുറുകുമ്പോൾ വാങ്ങുക.

മേൽപ്പറഞ്ഞ ചേരുവകൾ ചേർത്ത് തിളപ്പിക്കുക. സൂപ്പ് വെട്ടിതിളക്കുമ്പോൾ കുറുക്കി വെച്ചിരിക്കുന്ന കോൺഫ്ളോറും നൂഡിൽസും ഇതിൽ ചേർത്ത് നല്ലതുപോലെ ചൂടാകുമ്പോൾ വീണ്ടും ഉപ്പ് ചേർത്ത് ഉപയോഗിക്കാം.

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം എ.സി.സി. ക്ലാസ്സ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : .....................

കുടുംബകൂട്ടായ്മ: ............................................ ഫോൺ നമ്പർ :.................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**ആഞ്ചലോ റോബിൻ**

Std : III, St. Thomas Kudumbakoottayma

*"അവിടെ തിന്നാൻ എന്തെങ്കിലും കിട്ടുമോ ആവോ"*

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

# വചന കലണ്ടർ

## 2025 ആഗസ്റ്റ് AUGUST

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | 01<br>റോമാ 8:1–11<br>മർക്കോ 12:28–33 | 02<br>2 കോറി 6:14–18<br>മർക്കോ 2:1–12 |
| 03<br>നിയ 4:32–40<br>ഏശ 4:2–6(3:16–4:6)<br>2 കോറി 3:4–12(3:4–12)<br>(3:4–18)<br>ലൂക്കാ 15:11–32 (15:4–32) | 04<br>2കോറി 1:3–7<br>മത്താ 9:35–10:1 | 05<br>യാക്കോ 4:1–7എ<br>ലൂക്കാ 6:20–26 | 06<br>ഹെബ്രാ 12:18–29<br>മത്താ 17:1–9 | 07<br>യാക്കോ 1:2–8<br>മർക്കോ 11:12–14<br>20–26 | 08<br>1 കോറി 2:1–10<br>ലൂക്കാ 9:57–62 | 09<br>യാക്കോ 2:1–8<br>ലൂക്കാ 14:15–24 |
| 10<br>നിയ 5:6–16 (5:1–16)<br>ഏശ 5:1–7<br>2 കോറി 7:1–11<br>യോഹ 12:57–13:5<br>(9:1–38) | 11<br>യാക്കോ 2:21–26<br>മത്താ 23:34–39 | 12<br>യാക്കോ 3:13–18<br>ലൂക്കാ 4:25–30 | 13<br>2 കോറി 5:15–21<br>മർക്കോ 1:16–20 | 14<br>യാക്കോ 5:13–20<br>മത്താ 10:5–15 | 15<br>റോമ 16:17–27(16:1–27)<br>യോഹ 2:1–12<br>(യോഹ 2:1–12+<br>മത്താ 12:46–50+<br>13:53–57+ലൂക്കാ 11:27–28) | 16<br>യാക്കോ 4:13–17<br>ലൂക്കാ 9:49–56 |
| 17<br>നിയ 5:16–24(5:16–6:3)<br>ഏശ 9:13–21 (9:8–21)<br>2 കോറി 10:12–18(10:1–18)<br>മർക്കോ 7:1–13 (7:1–23) | 18<br>യാക്കോ 5:1–6<br>ലൂക്കാ 18:25–30 | 19<br>യാക്കോ 5:7–12<br>മർക്കോ 13:24–31 | 20<br>2 കോറി 13:1–4<br>മത്താ 9:35–10:1 | 21<br>യാക്കോ 4:7ബി–12<br>ലൂക്കാ 12:49–53 | 22<br>യാക്കോ 1:9–11<br>മത്താ 22:34–40 | 23<br>1 കോറി 12:27–31<br>ലൂക്കാ 6:12–19 |
| 24<br>ജെറ 23:33–44<br>ഏശ 28:14–22<br>2 കോറി 12:14–21<br>ലൂക്കാ 16:19–31<br>(16:19–17:10) | 25<br>2 തിമോ 3:10–17<br>മർക്കോ 4:26–34 | 26<br>2 തിമോ 4:1–6<br>യോഹ 4:27–38 | 27<br>1 തിമോ 6:17–21<br>മത്താ 7:15–20 | 28<br>2 കോറി 5:14–21<br>മത്താ 5:13–19 | 29<br>1 തെസ 4:1–8<br>മർക്കോ 10:35–45 | 30<br>2 തെസ 2:1–4<br>മർക്കോ 13:3–13 |
| 31<br>ജെറ 19:1–4, 9–14<br>ഏശ 29:19–24(29:13–24)<br>1 തെസ2:1–12<br>ലൂക്കാ 17:11–19 | 01<br>1 യോഹ 4:7–11<br>ലൂക്കാ 6:43–45 | 02<br>1 തെസ 3:2–6<br>മത്താ 9:18–26 | 03<br>1 തെസ 5:1–11<br>മത്താ 2:37–44 | 04<br>റോമ 15:14–21<br>മത്താ 12:46–50 | 05<br>യാക്കോ 2:14–17<br>മത്താ 25:31–10 | 06<br>1 യോഹ 2:1–6<br>ലൂക്കാ 25–6:20–24 |



In Loving Memory of



# Dr. T.R. LOUIS

Thalakottoor House
Guruvayur Road
Kunnamkulam

Born
17-01-1937

Died
04-08-2024

*SorrowingFamily*



# ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മെഡിക്കൽ ലബോറട്ടറി

എല്ലാവിധ ലബോറട്ടറി പരിശോധനകളും കുറഞ്ഞ നിരക്കിൽ,
ഹെൽത്ത് കാർഡ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ എടുക്കാൻ സൗകര്യം,
ഹോം കളക്ഷൻ സർവീസ് മുൻകൂട്ടി ബുക്കിംഗ് പ്രകാരം വീടുകളിൽ
നിന്നും സാമ്പിൾ ശേഖരിക്കുന്നു.

## MIKHAEL
**BIO TECH DIAGNOSTICS CENTER**

ലബോറട്ടറി, ഇ.സി.ജി.

| Mattom | Aloor | Edakkalathoor | Nayarangadi |
|---|---|---|---|
| 82 89 82 4444 | 8 30 40 30 444 | 8 30 40 60 444 | 8 30 40 70 444 |

Opening Soon at

Liwa Tower Shopping Complex
**KUNNAMKULAM**
**8 30 40 80 444**

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only   Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM